**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 217** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>തിരുവല്ല താലൂക്ക് ആശുപത്രിയിലെ വിവിധ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തിരുവല്ല താലൂക്ക് ആശുപത്രിയിൽ 2015 ജനുവരി മുതൽ പുതിയ കെട്ടിടങ്ങൾ/അടിസ്ഥാന സൗകര്യവികസനം എന്നിവയ്ക്കായി ഭരണാനുമതി ലഭിച്ചിട്ടുള്ളവയുടെ പട്ടികയും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

**<u>മറുപടി:</u>** തിരുവല്ല താലൂക്ക് ആശുപത്രിയിൽ 2015 ജനുവരി മുതൽ ഭരണാനുമതി ലഭിച്ച പദ്ധതികളെ സംബന്ധിച്ച വിവരം **അനുബന്ധമായി** ചേർക്കുന്നു.

**(ബി)** തിരുവല്ല താലൂക്ക് ആശുപത്രിയിലെ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന്റെ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; നിർമ്മാണം ആരംഭിക്കാനായില്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന്റെ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ (KSSM) മുഖേന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന് ഒരു കെട്ടിടം നിർമ്മിച്ചു നൽകാൻ 2014-ൽ ആലോചനയുണ്ടായിരുന്നെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ലെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | നിർമ്മാണ പ്രവൃത്തി | ഭരണാനുമതി തുക (രൂപയിൽ) | ഭരണാനുമതി ലഭിച്ച വർഷം/ ഫണ്ട് | നിർമ്മാണ പുരോഗതി |
|---|---|---|---|---|
| 1 | ആശുപത്രി വാർഡുകളിലേക്ക് ഓക്സിജൻ സപ്ലൈ സിസ്റ്റം സ്ഥാപിക്കുന്നത് | 3,15,588 | 2023-24 (MLA Fund) | പൂർത്തീകരിച്ചു |
| 2 | ഒ.പി. കെട്ടിട നിർമ്മാണം | 15 കോടി | 2021-22 (State Plan Fund) | 55% പൂർത്തീകരിച്ചു |
| 3 | ഐ.പി. കെട്ടിടത്തിന്റെ 5, 6, 7 നിലകളുടെ ഇലക്ട്രിഫിക്കേഷൻ | 50 ലക്ഷം | 2025-26 (MLA Fund) | 60% പൂർത്തീകരിച്ചു |
| 4 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 6 ലക്ഷം | 2023-24 (MLA Fund) | പൂർത്തീകരിച്ചു |
| 5 | ജെറിയാട്രിക് വാർഡ് നിർമ്മാണം | 1.2 കോടി | 2021-22 (15th FC Grant) | പൂർത്തീകരിച്ചു |
| 6 | പോളി ഡെന്റൽ ക്ലിനിക്ക് നിർമ്മാണം | 60 ലക്ഷം | 2021-22 (15th FC Grant) | പൂർത്തീകരിച്ചു |
| 7 | ഡയാലിസിസ് യൂണിറ്റ് എക്സ്റ്റൻഷൻ | 43,93,000 | 2021-22 (15th FC Grant) | 50% പൂർത്തീകരിച്ചു. നിലവിൽ ടി യൂണിറ്റിൽ 2000 LPH RO Plant സ്ഥാപിക്കാൻ RC ഉള്ള ഏജൻസിക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| 8 | 1. Dialysis machine purchase | 6,51,000 | 2024-25 (നവകേരള സദസ്സുമായി ബന്ധപ്പെട്ട് ബാക്കിയായ തുക) | 95% പ്രവർത്തികൾ പൂർത്തീകരിച്ചു. |
| | 2. Male ICU electrification work | 3,22,000 | | |
| 9 | ലക്ഷ്യ നിലവാരത്തിലുള്ള ഗൈനക്ക് വാർഡ് | 1.30 കോടി | 2023-2026 (NHM Fund) | പൂർത്തീകരിച്ചു |
| 10 | Eye Ward & OT | 1 കോടി | 2024-25 (NHM Fund) | 50% പൂർത്തീകരിച്ചു. വാർഡ് നിർമ്മാണം പൂർത്തിയായി. ഒ.ടി. നിർമ്മാണ പ്രവൃത്തി ബാക്കിയുണ്ട്. |
| 11 | കോവിഡ് ICU നിർമ്മാണം | 11.25 ലക്ഷം | NHM Fund | പൂർത്തീകരിച്ചു |
| 12 | ഓപ്പറേഷൻ തീയറ്ററിന്റെ ശാക്തീകരണം | 57 ലക്ഷം | NHM Fund | പൂർത്തീകരിച്ചു |